## ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

വിഷയം:- ഇ.മെ.സ. വകുപ്പ് – അച്ചടക്കനടപടി വിഭാഗം – മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. നെഞ്ചുരോഗാശുപത്രിയിലെ സസ്പെൻഷനിലുള്ള സീനിയർ ക്ലർക്ക് ശ്രീ.പി.വി.പ്രദീപിനെതിരെയുള്ള അച്ചടക്കനടപടി പൂർത്തീകരിച്ചുകൊണ്ടുള്ള ഉത്തരവ്

പരാമർശം:-

1. മധ്യമേഖല ആർ.ഡി.ഡി.യുടെ 23.06.16-ലെ ജി$_2$-3176/16/ആർ.ഡി.ഡി. കത്തുപ്രകാരം സമർപ്പിച്ച അന്വേഷണ റിപ്പോർട്ട്
2. ഉത്തരവ് നം. ഡി$_3$-7933/16/ഡി.ഐ.എം.എസ്. തീയതി: 03.08.16
3. 25.08.16-ലെ ഡി$_3$-7933/16/ഡി.ഐ.എം.എസ്. നമ്പർ കുറ്റപത്രം
4. മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രി സൂപ്രണ്ടിന്റെ 03.11.16-ലെ ജി2-936/16-ാം നമ്പർ കത്തുപ്രകാരം കുറ്റപത്രത്തിനെതിരെ സമർപ്പിക്കപ്പെട്ട മറുപടി
5. ഉത്തരവ് നം. ഡി3-7933/16/ഡി.ഐ.എം.എസ്. തീയതി: 05.12.16
6. തൊഴിലും നൈപുണ്യവും സെക്രട്ടറിയുടെ 06.02.17-ലെ എഫ്$_2$/4/17/തൊഴിൽ നമ്പർ പ്രകാരം അയച്ചുതന്ന ശ്രീ.പി.വി.പ്രദീപിന്റെ പരാതി
7. ഉത്തരവ് നം. ഡി3-7933/16/ഡി.ഐ.എം.എസ്. തീയതി: 13.01.17
8. ഉത്തരവ് നം. സി1-4299/17/ഡി.ഐ.എം.എസ്. തീയതി: 13.03.17
9. ശ്രീ. പി.വി. പ്രദീപ്, ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽചെയ്ത ഒ.എ. (ഇ.കെ.എം.) 1085/16-ാം നമ്പർ പരാതി
10. ഉത്തരവ് നം. ഡി3-7933/16/ഡി.ഐ.എം.എസ്. തീയതി: 14.07.17
11. മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രിയിലെത്തി അന്വേഷണം നടത്തി 03.10.17-ൽ സമർപ്പിച്ച ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ട്
12. 11.10.17-ലെ ഉത്തരവ് നം. ഡി3-7933/16/ഡി.ഐ.എം.എസ്. നമ്പർ കാരണം കാണിക്കൽ നോട്ടീസ്
13. ശ്രീ. പി.വി.പ്രദീപ് സമർപ്പിച്ച 06.11.17-ലെ മറുപടി

### ഉത്തരവ് നമ്പർ. ഡി$_3$-7933/2016/ഡി.ഐ.എം.എസ്. തീയതി: 25.11.2017

മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രിയിലെ സീനിയർ ക്ലർക്ക് (സസ്പെൻഷനിൽ) 2000-01 കാലഘട്ടത്തിൽ വളപട്ടണം ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ ജോലിചെയ്യുമ്പോൾ ആശുപത്രി അറ്റന്റന്റ് ഗ്രേഡ്-II ശ്രീമതി രാധ താമസിച്ചിരുന്ന തോട്ടട ഇ.എസ്.ഐ. ആശുപത്രിയുടെ ക്വാർട്ടേഴ്സിൽ അതിക്രമിച്ച് കയറി നാശനഷ്ടങ്ങൾ വരുത്തിയ കുറ്റത്തിന് സി.സി. 765/01-ാം നമ്പർ കേസിൽ ബഹു. തലശ്ശേരി അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി ശ്രീ. പി.വ. പ്രദീപിന് 6 മാസത്തെ വെറും തടവിന് ശിക്ഷിച്ചിരുന്നു. ടി ശിക്ഷ ബഹു. ഹൈക്കോടതി പിന്നീട് സസ്പെന്റ് ചെയ്തെങ്കിലും നാളിതുവരെ അന്തിമവിധി വന്നിട്ടില്ല. ടിയാൾ ഇതേ ഡിസ്പെൻസറിയിൽ തന്നെ

ജോലിചെയ്ത 2007-08 കാലഘട്ടത്തിൽ തൊഴിലാളികളുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ക്ലെയിമുകൾ മദ്യശാലയിൽകൊണ്ടുപോകുകയും തിരിച്ചെടുക്കാൻ മറന്നുപോകുകയും ആയത് പത്രമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുകയും ചെയ്തിരുന്നു. ടി കുറ്റകൃത്യത്തിന് ടിയാൾ അച്ചടക്കനടപടികൾ നേരിടുകയും നഷ്ടപ്പെട്ട ക്ലെയിമുകളുടെ മൂല്യത്തിന് തുല്യമായ തുക ഒടുക്കുകയും ഒരു ഇൻക്രിമെന്റ് ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് ശിക്ഷാനടപടി നടപ്പാക്കുകയും ചെയ്തിട്ടുള്ളതാണ്.

ശ്രീ. പി.വി. പ്രദീപ് 2012-13 കാലഘട്ടത്തിൽ തോപ്പുംപടി ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ ജോലിചെയ്തുവരവെ അതേ ഡിസ്പെൻസറിയിലെ ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസറെ കയ്യേറ്റം ചെയ്യുകയും അസഭ്യം പറയുകയും ചെയ്ത കുറ്റത്തിന് അച്ചടക്കനടപടി നേരിടുകയും ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതപ്രാബല്യത്തിൽ തടഞ്ഞുകൊണ്ട് ശിക്ഷാനടപടി ഏറ്റുവാങ്ങുകയും ചെയ്തിട്ടുണ്ട്.

ശ്രീ.പി.വി. പ്രദീപ് 2014-15 കാലഘട്ടത്തിൽ ആലപ്പുഴ പാതിരപ്പള്ളി ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ ജോലിനോക്കിവരവെ ജീവനക്കാരുടെ ശമ്പളം മാറിനൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരുന്നതിനെ തുടർന്ന് അച്ചടക്കനടപടികൾ നേരിടുകയും ആയതിന്റെ അന്വേഷണനടപടികളോട് ധാർഷ്ട്യത്തോടെ സമീപിക്കുകയും സർവീസ് നിയമങ്ങളെ ലാഘവബുദ്ധിയോടെ കാണുകയും ചെയ്തിരുന്നു. ടി കുറ്റകൃത്യത്തിന്റെ പേരിൽ ടിയാളുടെ 2 വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിതഫലത്തോടെ തടഞ്ഞുകൊണ്ട് ശിക്ഷാനടപടി പുറപ്പെടുവിച്ചിരുന്നു.

ആലപ്പുഴ ജില്ലയിൽ നിന്ന് കൊല്ലം തൃക്കോവിൽവട്ടം ഇ.എസ്.ഐ. ഡിസ്പെൻസറിയിലേക്ക് സ്ഥലംമാറ്റപ്പെട്ട ശ്രീ. പി.വി. പ്രദീപ് കൃത്യമായി ജോലിക്ക് ഹാജരാകാതിരിക്കുകയും തന്നിൽ നിക്ഷിപ്തമായ ചുമതലകൾ ചെയ്യാതിരിക്കുകയും ചെയ്തതിന്റെ പേരിൽ നിലവിൽ അച്ചടക്കനടപടികൾ നേരിട്ടുവരികയാണ്. ഇപ്രകാരം ശ്രീ. പി.വി. പ്രദീപ് അച്ചടക്കരാഹിത്യത്തിനും കൃത്യവിലോപത്തിനും പെരുമാറ്റദൂഷ്യത്തിനും പലതവണ അച്ചടക്കനടപടികൾ നേരിടുകയും ശിക്ഷാനടപടികൾ ഏറ്റുവാങ്ങുകയും ചെയ്തിട്ടുണ്ട്. ടിയാൾ അവസാനമായി ജോലിചെയ്ത മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രിയിൽ ജോലിചെയ്തുവരവെ 2015-16 കാലഘട്ടത്തിൽ 01.04.16 മുതൽ തപാലുകൾ കൈപ്പറ്റാതിരിക്കുകയും ഓഫീസ് ജോലികൾ ചെയ്യില്ല എന്ന് പ്രഖ്യാപിക്കുകയും ചെയ്യുകയുണ്ടായി. കൂടാതെ മേലുദ്യോഗസ്ഥനോട് അപമര്യാദയായി പെരുമാറുക, ഡ്യൂട്ടി സമയത്ത് ഓഫീസ് കെട്ടിടത്തിൽ മദ്യപിക്കുക, വകുപ്പദ്ധ്യക്ഷയേയും സീനിയർ സൂപ്രണ്ടിനേയും പേരെടുത്ത് പറഞ്ഞ് സമൂഹമാധ്യമമായ 'വാട്ട്സ്ആപ്പ്' ഗ്രൂപ്പിലൂടെ അധിക്ഷേപിക്കുക എന്നീ കുറ്റകൃത്യങ്ങളും ടിയാളുടെ ഭാഗത്തുനിന്നുമുണ്ടായി. ടി കുറ്റകൃത്യങ്ങൾ ഉൾപ്പെട്ട വിവിധ പരാതികളുടെ അടിസ്ഥാനത്തിൽ മധ്യമേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രിയിലെത്തുകയും അന്വേഷണം നടത്തി പരാമർശം 1 പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. ടി കുറ്റകൃത്യങ്ങൾ ബോധ്യപ്പെട്ടതായി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെയടിസ്ഥാനത്തിൽ പരാമർശം 2 പ്രകാരം ടിയാളെ സർവീസിൽ നിന്ന് സസ്പെന്റ്

ചെയ്യുകയും പരാമർശം 3 പ്രകാരം കുറ്റപത്രം നൽകുകയും ചെയ്യുകയുണ്ടായി. തുടർന്ന് പരാമർശം 4 പ്രകാരം ഈ ഓഫീസിൽ ലഭിച്ച ടിയാളുടെ മറുപടി തൃപ്തികരമാകാത്ത സാഹചര്യത്തിൽ പരാമർശം 5 പ്രകാരം വകുപ്പിന്റെ ജോയിന്റ് ഡയറക്ടർ ഡോ. ഡി. വത്സലയെ അന്വേഷണ ഉദ്യോഗസ്ഥയായി നിയമിച്ചിരുന്നു. എന്നാൽ ടി അന്വേഷണ ഉദ്യോഗസ്ഥയിൽ തനിക്ക് വിശ്വാസമില്ലെന്നും ടിയാളെ അന്വേഷണത്തിൽ നിന്ന് മാറ്റണമെന്നും പരാമർശം 6 പ്രകാരം ബഹു. മുഖ്യമന്ത്രിക്ക് ടിയാൾ പരാതി നൽകിയിരുന്നു. ഡോ. ഡി.വത്സല 31.12.16-ന് ജോലിയിൽ നിന്ന് വിരമിച്ച സാഹചര്യത്തിൽ, തുടർന്നുവന്ന ജോയിന്റ് ഡയറക്ടർ ഡോ. എം.എസ്.ഗീതാദേവിയെ പരാമർശം 7 പ്രകാരം അന്വേഷണ ഉദ്യോഗസ്ഥയായി നിയമിക്കുകയും പരാമർശം 8 പ്രകാരം മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രിയിലെത്തി അന്വേഷണവിചാരണ നടത്തുകയും ചെയ്തിരുന്നു. ടി അന്വേഷണ ഉദ്യോഗസ്ഥയെയും വിശ്വാസമില്ല എന്നുപറഞ്ഞുകൊണ്ട് ശ്രീ. പി.വി.പ്രദീപ് അന്വേഷണം ബഹിഷ്കരിക്കുകയുണ്ടായി. ടി ഘട്ടത്തിൽ ടിയാളെ സസ്പെൻഷൻ പിൻവലിച്ച് സർവീസിൽ തിരിച്ചെടുക്കണമെന്നും സസ്പെൻഷൻ കാലയളവിൽ ശമ്പളകുടിശ്ശികയും ആനുകൂല്യങ്ങളും അനുവദിക്കണമെന്നും അപേക്ഷിച്ചുകൊണ്ട് പരാമർശം 9 പ്രകാരം ടിയാൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ പരാതി സമർപ്പിച്ചു. ടി കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് കോടതി 20.03.17- ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 'ടി ഉത്തരവ് കൈപ്പറ്റി 3 മാസത്തിനുള്ളിൽ ടിയാൾക്കെതിരെയുള്ള നടപടി പൂർത്തീകരിക്കണമെന്നും എന്തെങ്കിലും കാരണവശാൽ ആയത് പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെങ്കിൽ സസ്പെൻഷൻ തുടരണോ വേണ്ടയോ എന്നത് വകുപ്പുതലത്തിൽ പരിശോധിക്കണമെന്നും' ടി ഉത്തരവിൽ നിർദ്ദേശിക്കപ്പെട്ടിരുന്നു. നിർഭാഗ്യവശാൽ കോടതി പരിധിയായി പറഞ്ഞിരുന്ന 3 മാസത്തിനുള്ളിൽ നടപടി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ടിയാളുടെ സസ്പെൻഷൻ 3 മാസത്തേക്കു കൂടി ദീർഘിപ്പിക്കുകയും നടപടി പൂർത്തീകരിക്കുന്നതിന് ബഹു. കോടതിയോട് സമയം ചോദിക്കുകയും ചെയ്യുകയുണ്ടായി.

പരാമർശം 11 പ്രകാരം ജോയിന്റ് ഡയറക്ടർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ, ടിയാൾക്കെതിരെ കുറ്റപത്രത്തിൽ ആരോപിക്കുന്ന മുഴുവൻ കുറ്റങ്ങളും വ്യക്തമായി തെളിയിക്കപ്പെട്ടതായി രേഖപ്പെടുത്തിയിരിക്കുന്നു. ടി റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ടിയാളുടെ പ്രൊമോഷൻ 3 വർഷത്തേക്ക് തടഞ്ഞുകൊണ്ട് ശിക്ഷാനടപടി പുറപ്പെടുവിക്കാൻ താല്കാലികമായി തീരുമാനിക്കുകയും പരാമർശം 12 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു. ടി കാരണം കാണിക്കൽ നോട്ടീസിന് പരാമർശം 13 പ്രകാരം ടിയാൾ നൽകിയ മറുപടി യാതൊരു നിലയിലും തൃപ്തികരമല്ല. കാലാകാലങ്ങളിൽ മാറിമാറിവരുന്ന അന്വേഷണ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും വിശ്വാസമില്ല എന്ന ടിയാളുടെ വാദം അടിസ്ഥാനരഹിതവുമാണ്.

ടി കുറ്റങ്ങൾ തെളിയിക്കപ്പെട്ട സാഹചര്യത്തിലും നിരന്തരം നടപടികൾക്ക് വിധേയനാകുകയും കുറ്റങ്ങൾ ആവർത്തിക്കുകയും ചെയ്യുന്ന സാഹചര്യത്തിലും 1960-ലെ കെ.സി.എസ്.(സി.സി.&എ) ചട്ടങ്ങൾ, ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങൾ എന്നിവ പ്രകാരം സർവീസിൽ നിന്ന് നീക്കം ചെയ്യേണ്ടതാണ്. എന്നിരുന്നാലും മാനുഷിക പരിഗണന നൽകി ടിയാളുടെ പ്രൊമോഷൻ 3 വർഷം തടഞ്ഞുകൊണ്ടുള്ള ശിക്ഷാനടപടി അന്തിമമായി പ്രഖ്യാപിച്ചും നടപടി പൂർത്തീകരിച്ചും ഇതിനാൽ ഉത്തരവാകുന്നു.

ശ്രീ. പ്രദീപ് പി.വി. വളപട്ടണം ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ ജോലിചെയ്തിരുന്ന 2000-2001 കാലഘട്ടത്തിൽ ആശുപത്രി അറ്റന്റന്റ് ഗ്രേഡ്-II ശ്രീമതി രാധ താമസിച്ചിരുന്ന തോട്ടട ഇ.എസ്.ഐ. ആശുപത്രിയുടെ ക്വാർട്ടേഴ്സിൽ അതിക്രമിച്ചുകയറിയതുമായി ബന്ധപ്പെട്ട ക്രിമിനൽ കേസിൽ (സി.സി. 765/01) ബഹു. തലശ്ശേരി ചീഫ് ജുഡിഷ്യൽ മജിസ്ട്രേറ്റ് കോടതി ടിയാളെ 6 മാസത്തെ വെറും തടവിന് ശിക്ഷിച്ചിട്ടുള്ളതും ടി വിധി സെഷൻസ് കോടതി ശരിവയ്ക്കുകയും ചെയ്തിട്ടുള്ളതുമാണ്. ടി വിധിക്കെതിരെ ടിയാൾ ബഹു. ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുകയും ടി കോടതി ടി കീഴ്-കോടതി വിധി സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ടെങ്കിലും ടി വിഷയം ഇപ്പോഴും ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുകയാണ്. ക്രിമിനൽ കേസിൽ ശിക്ഷിക്കപ്പെട്ട ശ്രീ.പി.വി. പ്രദീപിന്റെ തുടർസർവീസിനെപ്പറ്റി തീരുമാനമെടുക്കുന്നതിന് സർക്കാർ നിർദ്ദേശപ്രകാരം ഈ ഓഫീസിൽ നടപടികൾ സ്വീകരിച്ചുവരികയാണ്. അതുപോലെ ടിയാൾ കൊല്ലം തൃക്കോവിൽവട്ടം ഡിസ്പെൻസറിയിൽ ജോലിചെയ്യുന്ന ഘട്ടത്തിൽ കൃത്യമായി ജോലിക്ക് ഹാജരാകേണ്ടതുമായി ബന്ധപ്പെട്ട ഒരു അച്ചടക്കനടപടിയും ടിയാൾക്കെതിരെ നിലവിലുണ്ട്. മേൽ സാഹചര്യത്തിൽ ടിയാളുടെ സസ്പെൻഷൻ ഇനിയൊരുത്തരവുണ്ടാകുന്നതുവരെ തുടരുന്നതാണ്.

ഡോ. അജിത നായർ ആർ.
ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ

സ്വീകർത്താവ്

ശ്രീ. പി.വി. പ്രദീപ്
സീനിയർ ക്ലർക്ക് (സസ്പെൻഷനിൽ)
ഇ.എസ്.ഐ. ആശുപത്രി, മുളങ്കുന്നത്തുകാവ്.

പകർപ്പ്:-
1. അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
2. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഐ.എം.എസ്., മധ്യ മേഖല, എറണാകുളം
3. സൂപ്രണ്ട്, ഇ.എസ്.ഐ. ആശുപത്രി, മുളങ്കുന്നത്തുകാവ്
4. ഇ2 സെക്ഷൻ
5. വെബ്സൈറ്റ്
6. ഫയൽ/സ്റ്റോക്ക് ഫയൽ